ജനയുഗം
JANAYUGOM
19 July 2017

# ദേശീയ മത്സ്യമേഖല വികസന സൂചിക തയ്യാറാക്കണം

കൊച്ചി: സമുദ്രമത്സ്യ മേഖലയിൽ വിവിധ സംസ്ഥാനങ്ങളിലെ വികസന തോത് മനസിലാക്കാൻ ദേശീയ സമുദ്ര മത്സ്യമേഖലാ വികസന സൂചിക തയ്യാറാക്കണമെന്ന് നീതി ആയോഗ് ഡെപ്യൂട്ടി അഡ്വൈസർ മനാഷ് ചൗധുരി. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണനുമായുള്ള ചർച്ചയിലാണ് ഇന്ത്യൻ മത്സ്യമേഖലയുടെ സമഗ്രവികസനത്തിന് വിവിധ പദ്ധതികൾ ആവിഷ്കരിക്കാൻ അദ്ദേഹം സിഎംഎഫ്ആർഐയോട് ആവശ്യപ്പെട്ടത്.

ദേശീയ സമുദ്രമത്സ്യ വികസന പദ്ധതി രൂപീകരിക്കണമെന്നതാണ് മറ്റൊരു പ്രധാന നിർദ്ദേശം. ബ്ലൂ ഇക്കോണമിയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച സാഗർമാല പദ്ധതിയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് വികസന പദ്ധതി തയ്യാറാക്കേണ്ടത്. സമുദ്ര ജൈവവൈവിധ്യങ്ങളുടെ സാധ്യതയും പരിമിതികളും പഠനവിധേയമാക്കി വികസന പദ്ധതി രൂപകൽപന ചെയ്യണം. സമുദ്രസമ്പത്തിൽ ചിലത് ഇനിയും ഉപയോഗിക്കപ്പെടാതെ പോകുന്നതിന്റെ കാരണം മനസിലാക്കണം. സമുദ്രജല കൃഷിയിൽ സ്വകാര്യ നിക്ഷേപത്തിന് തടസ്സമാകുന്ന കാരണങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കാനും വികസനപദ്ധതിക്ക് കഴിയണം അദ്ദേഹം പറഞ്ഞു.

സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ നടന്നുവരുന്ന വിവിധ സംസ്ഥാനങ്ങളലെ സമുദ്രമത്സ്യ മേഖലയുമായി ബന്ധപ്പെട്ട പഠന നിർദ്ദേശങ്ങൾ, നയരൂപീകരണം, വികസനരേഖ തുടങ്ങിയവ രാജ്യത്തെ സമുദ്രമത്സ്യോൽപാദനം വർധിപ്പിക്കുന്നതിന് സഹായകരമാണ്. വരുമാനം, ഭൗതികസാഹചര്യം, സമുദ്ര ആവാസവ്യവസ്ഥയുടെ സംരക്ഷണം, സമുദ്രസമ്പത്തിന്റെ ലഭ്യത എന്നിവ അടിസ്ഥാനമാക്കിയാണ് നയരൂപീകരണങ്ങൾ നടത്തേണ്ടത്. ഇത്തരം നയങ്ങൾ രൂപപ്പെടുത്തുമ്പോൾ കേന്ദ്ര സർക്കാർ ഈയിടെ പുറത്തിറക്കിയ ദേശീയ സമുദ്രമത്സ്യ നയവുമായി വൈരുദ്ധ്യമില്ലാതെ നോക്കണം.

സിഎംഎഫ്ആർഐയുടെ സാങ്കേതിക വിദ്യ മതിയായ രീതിയിൽ പ്രയോജനപ്പെടുത്തുകയാണെങ്കിൽ 2022 ഓടെ നാല് ലക്ഷം ടൺ മത്സ്യമാണ് കൂടുമത്സ്യ കൃഷിയിലൂടെ രാജ്യത്ത് ഉൽപാദിപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നത്. ഇതിനായി മത്സ്യവിത്ത്, തീറ്റ, നിക്ഷേപത്തിനാവശ്യമായ മറ്റ് കാര്യങ്ങൾ എന്നിവയുടെ സാമ്പത്തിക അവലോകനം അനിവാര്യമാണ്. കുടുംബശ്രീ യൂണിറ്റുകളുടെ പങ്കാളിത്തത്തോടെ കേരളത്തിൽ കൂട് മത്സ്യകൃഷി വൻവിജയമാക്കാമെന്നും മനാഷ് ചൗധുരി പറഞ്ഞു.